LIBRARY ARCHIVES Kerala Legislative Assembly

രൂപം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുന്നതിൽ മൂന്നംഗ വിദഗ്ധ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി പഠനം നടത്തിവരികയും ചെയ്യുന്നു. അതോടൊപ്പം വ്യവസായ മേഖലയിലുള്ള പരാതികൾ പരിഹരിക്കുന്നതിനായി സംരംഭകരുമായി സംവദിക്കുന്ന 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ചതിലൂടെ മറ്റ് വകുപ്പുകളിലുൾപ്പെടെ തീർപ്പാക്കാതെ അവശേഷിച്ചിരുന്ന പല പരാതികളും തീർപ്പാക്കാനും സംരംഭകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി 'മീറ്റ് ദ ഇൻവെസ്റ്റർ' എന്ന പരിപാടിയും നടപ്പിലാക്കിവരുന്നുണ്ട്.

നീതി ആയോഗിന്റെ സുസ്ഥിരവികസന സൂചിക

162 (547) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗിന്റെ സുസ്ഥിരവികസന സൂചികയിൽ 2018, 2019, 2020 എന്നീ വർഷങ്ങളിൽ കേരളത്തിന്റെ സ്ഥാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

നീതി ആയോഗിന്റെ സുസ്ഥിര വികസന ലക്ഷ്യ (Sustainable Development Goal) സൂചിക പ്രകാരം കേരളം കഴിഞ്ഞ മൂന്ന് വർഷങ്ങളിലും (2018, 2019 & 2020) ഒന്നാം സ്ഥാനത്താണ്.

(ബി) ടി സൂചികയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഐക്യരാഷ്ട്ര സംഘടന നിർദ്ദേശിച്ചിട്ടുള്ള 17 മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ സൂചിക തയ്യാറാക്കിയിട്ടുള്ളത്. ദാരിദ്ര്യമില്ലായ്മ, ഭക്ഷണ ദൗർലഭ്യമില്ലായ്മ, ആരോഗ്യക്ഷേമം, വിദ്യാഭ്യാസ ഗുണമേന്മ, ലിംഗ സമത്വം, ശുദ്ധജലവും ശുചിത്വവും, ഊർജ്ജ ലഭ്യത, മാന്യമായ തൊഴിൽ ലഭ്യതയും സാമ്പത്തിക വളർച്ചയും, വ്യവസായവും, നൂതന സമ്പ്രദായങ്ങളും അടിസ്ഥാന സൗകര്യവും, കുറഞ്ഞ അസമത്വങ്ങൾ, സുസ്ഥിര നഗരങ്ങളും കമ്മ്യൂണിറ്റിയും, ഉത്തരവാദിത്ത നിർമ്മാണവും ഉപയോഗവും, കാലാവസ്ഥാ പ്രവർത്തനം, ജല സ്രോതസ്സുകളുടെ സംരക്ഷണം, വനം ഉൾപ്പെടെയുള്ള വിവിധ ഭൗമ ആവാസവ്യവസ്ഥകളുടെ സംരക്ഷണം, സാമൂഹ്യനീതിയും സമാധാനവും, സുസ്ഥിര വികസനത്തിനായുള്ള ആഗോള പങ്കാളിത്തങ്ങൾ എന്നിവയാണ് മേൽപ്പറഞ്ഞ 17 മാനദണ്ഡങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ റാങ്കിംഗ് നിശ്ചയിക്കുന്നത് ആരാണ്; എന്തൊക്കെയാണ് ഇതിന്റെ മാനദണ്ഡങ്ങളെന്ന് വിശദമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ വ്യവസായ വകുപ്പിന് കീഴിലുള്ള ഡിപ്പാർട്ടുമെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി.) എന്ന സ്ഥാപനമാണ് സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സി'-ന്റെ അടിസ്ഥാനത്തിൽ റാങ്കിംഗ് നടത്തി പട്ടിക തയ്യാറാക്കുന്നത്. വ്യവസായ സംരംഭം തുടങ്ങുന്നതിനുള്ള എളുപ്പം, കെട്ടിട നിർമ്മാണത്തിനുള്ള അനുമതികൾ ലഭ്യമാക്കുന്നതിനുള്ള വേഗത, വസ്തു രജിസ്റ്റർ ചെയ്യുന്നതിനുള്ള എളുപ്പം, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, വ്യവസായ സ്ഥാപനങ്ങളിലെ വകുപ്പുതല പരിശോധനകളുടെ സുതാര്യത, തൊഴിൽ നിയമങ്ങളുടെ പാലനം തുടങ്ങിയ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ' പട്ടിക തയ്യാറാക്കുന്നത്. സംരംഭകരുടെ ഇടയിൽ DPIIT നടത്തിയ സർവ്വേ അടിസ്ഥാനപ്പെടുത്തി മാത്രമാണ് കഴിഞ്ഞ വർഷം റാങ്കിംഗ് നടത്തിയത്.

(ഡി) പ്രസ്തുത മാനദണ്ഡങ്ങൾ സംബന്ധിച്ച് കേരളം എന്തെങ്കിലും വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ടി വിയോജിപ്പുകളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി&ഇ) ഉണ്ട്. 'ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ' (BRAP) എന്ന ഒറ്റ അളവുകോൽ വച്ച് എല്ലാ സംസ്ഥാനങ്ങളുടെയും നിക്ഷേപ അന്തരീക്ഷം ഒരേപോലെ അളക്കുന്നതിലെ പാളിച്ചകളും അപ്രായോഗികതയും കേരളം നിരവധി തവണ കേന്ദ്ര സർക്കാരിന്റെ വ്യവസായ വകുപ്പിന് കീഴിലുള്ള ഡിപ്പാർട്ടുമെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി.)-ന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂമിശാസ്ത്രപരവും ജനസംഖ്യാധിഷ്ഠിതവും പാരിസ്ഥിതികവുമായ ആവാസ വ്യവസ്ഥയിൽനിന്ന് വ്യത്യസ്ത വെല്ലുവിളികൾ നേരിടുന്ന സംസ്ഥാനങ്ങളെ/കേന്ദ്രഭരണ പ്രദേശങ്ങളെ ഒറ്റ അളവുകോൽ ഉപയോഗിച്ച് BRAP നിർണ്ണയിക്കുന്നത് യുക്തിപരമല്ലെന്നും ചെറുതും എന്നാൽ ജനസാന്ദ്രതകൂടിയതുമായ സംസ്ഥാനത്ത് വ്യവസായ ആവശ്യങ്ങൾക്ക് ലഭ്യമാക്കാവുന്ന ഭൂമിയുടെ ദൗർലഭ്യം, താരതമ്യേന കൂടിയ വനവിസ്തൃതി,

LIBRARY ARCHIVES Kerala Legislative Assembly

തീരദേശമേഖല, പാടങ്ങൾ, തണ്ണീർത്തടങ്ങൾ മുതലായ പാരിസ്ഥിതികമായി സംരക്ഷിക്കപ്പെടേണ്ട ഭൂമിയുടെ ആധിക്യം, എന്നിവപോലുള്ള കേരളം നേരിടുന്ന വേറിട്ട സവിശേഷ സാഹചര്യങ്ങളും എന്നാൽ വികസന മികവിൽ മുന്നിട്ടുനിൽക്കുന്ന മേഖലകളായ ടൂറിസം, വിവര സാങ്കേതികവിദ്യ, ഭക്ഷ്യ സംസ്കരണം, തോട്ടം മേഖല മുതലായവ റാങ്കിംഗ് മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നതുമൂലവും കേരളം പിന്നിലായി പോകുന്ന റാങ്കിംഗ് മാനദണ്ഡങ്ങളിലെ പോരായ്മകൾ സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനം DPIIT-യുടെ ശ്രദ്ധയിൽപ്പെടുത്തിയ വിയോജിപ്പുകളിന്മേൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

നെല്ലിക്കുഴി കേന്ദ്രീകരിച്ച് ഫർണിച്ചർ ഹബ്ബ്

163 (548) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാധിഷ്ഠിത ഫർണിച്ചർ ഉല്പാദന വിപണന കേന്ദ്രമായ കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴിയിൽ പൊതു ഉടമസ്ഥതയിൽ ഒരു ഫർണിച്ചർ പാർക്ക്/ഹബ്ബ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) അഞ്ഞൂറിലധികം ഉല്പാദന കേന്ദ്രങ്ങളും ആലുവ-മൂന്നാർ റോഡിന് ഇരുവശത്തുമായി ചെറുതും വലുതുമായ ഇരുന്നൂറ്റിയൻപതിലധികം വിപണന കേന്ദ്രങ്ങളും പ്രവർത്തിക്കുന്ന നെല്ലിക്കുഴി പൊതുജനങ്ങളുടെ ആരോഗ്യപരമായ ജീവിതം ഉറപ്പാക്കി വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) അൻപതിനായിരത്തിൽ അധികം ജനസംഖ്യയും പതിനായിരത്തിലധികം വരുന്ന അതിഥി തൊഴിലാളികളും അധിവസിക്കുന്ന നെല്ലിക്കുഴിയിൽനിന്നും സംസ്ഥാനത്തിനകത്തും അയൽ സംസ്ഥാനങ്ങളിലേയ്ക്കും ഫർണിച്ചർ എത്തിക്കുന്ന സാഹചര്യവും ഇവിടെയുള്ള നിർമ്മാണ യൂണിറ്റുകൾ, ഷോപ്പുകൾ എന്നിവ കണക്കിലെടുത്തും കേന്ദ്രീകൃത ഉല്പാദന കേന്ദ്രവും സംഭരണ കേന്ദ്രവും പൊതു ഉടമസ്ഥതയിൽ സ്ഥാപിച്ച് നെല്ലിക്കുഴി കേന്ദ്രീകരിച്ച് ഫർണിച്ചർ ഹബ്ബ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?